പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2714.

20.3.2015 - ൽ

മറുപടിയ്ക്ക്

## അസാപ് പദ്ധതി

ചോദ്യം

ശ്രീ.പി.കെ.ഗുരുദാസൻ

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ മന്ത്രി)

(എ) അസാപ് പദ്ധതിയുടെ പുരോഗതി അവലോകനം നടത്താറുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(എ) ഉണ്ട്. അസാപ് പദ്ധതി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റി തുടർച്ചയായി വിലയിരുത്തുന്നു. അസാപ് പദ്ധതി 2012-13 വർഷത്തിലാണ് ആരംഭിച്ചത്. സ്കൂളുകൾ, കോളേജുകൾ, ആകെ കുട്ടികൾ, സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവയുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലായി അസാപ് പദ്ധതിയുടെ പുരോഗതി താഴെപ്പറയുന്നു.

| | 2012-13 | 2013-14 | 2014-15 |
|---|---|---|---|
| സ്കൂളുകൾ | 76 | 351 | 847 |
| കോളേജുകൾ | 26 | 86 | 107 |
| ആകെ കുട്ടികൾ | 3058 | 13114 | 25389 |
| സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ. | 19 | 33 | 104 |

(ബി) പ്രസ്തുത പദ്ധതി എല്ലാ സർക്കാർ സ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; സ്വീകരിച്ചെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ബി) അസാപ് പദ്ധതിയിൽ ചേരുന്നതിന് താല്പര്യം പ്രകടിപ്പിക്കുന്ന എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും വ്യവസ്ഥകൾക്കുവിധേയമായി പദ്ധതി നടപ്പിലാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട് പദ്ധതി വിഭാവനം ചെയ്യുന്ന പഠന ക്രമത്തിനനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളാണ് ഈ വ്യവസ്ഥകൾ. അടുത്ത അദ്ധ്യയന വർഷാരംഭത്തിലും താല്പര്യമുള്ള സ്കൂളുകൾക്ക് അസാപ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുവാൻ സൗകര്യമുണ്ടാക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | അസാപ്പിന് ചേർന്നിട്ടുള്ള കുട്ടികൾക്ക് പ്രസ്തുത പഠനം കഴിയുമ്പോൾ തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (സി) | ഉ ണ്ട്. അസാപ്പിലെ തൊഴിൽ പഠനത്തിന്റെ ഭാഗമായിത്തന്നെ അനുയോജ്യമായ തൊഴിലിടത്തിൽ നടത്തുന്ന ഇന്റേൺഷിപ്പ് പരിശീലനത്തിന് കുട്ടികളെ അയക്കുന്നു. ഇത് അർഹരായ കുട്ടികൾക്ക് നേരിട്ടു തൊഴിൽ ലഭിക്കുന്നതിന് സഹായിക്കും. തൊഴിലിന് നൈപുണ്യവും യോഗ്യതയുമുള്ള ആളുകളെ ആവശ്യമുള്ള സംരംഭകരെയും തൊഴിൽ പരിശീലനം സിദ്ധിച്ച കുട്ടികളെയും കൂട്ടിയിണക്കുന്നതിലൂടെ കുട്ടികൾക്ക് തൊഴിലും വ്യവസായങ്ങൾക്കു തൊഴിലാളികളെയും ലഭ്യമാക്കുന്നതിനായി കമ്പ്യൂട്ടർ അധിഷ്ഠിത ജോബ് പോർട്ടൽ (Job Portel) തുടങ്ങുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. അസാപ് കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികളിൽ നിന്ന് തൊഴിൽ ആവശ്യമുള്ളവരുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി കോളേജ് തലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (ഡി) | ഇപ്പോൾ തന്നെ ആർട്ട്സ് & സയൻസ് കോളേജുകളിൽ അസാപ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ